(6) പുതുക്കുറിച്ചി മുതൽ വെട്ടുതുറ വരെ രണ്ട് കി. മീ. നീളത്തിലും വേളി പൊഴിക്ക് വടക്ക് 500 മീറ്റർ നീളത്തിലും കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള മൂന്ന് പണികൾ.

(7) ടി. എസ്. കനാലിൽ പൗണ്ട്കടവ് മുതൽ പള്ളിത്തുറ വരെ വരുന്ന ഭാഗങ്ങളിൽ പാർശ്വഭിത്തി നിർമ്മാണവും കനാലിന്റെ ആഴം കൂട്ടുന്നതും ഉൾപ്പെടുത്തി 6 പണികൾ.

ഗാർഹിക ഉപഭോഗത്തിനുള്ള വെള്ളം നിർമ്മാണപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി

59 [1889] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ഭാഗത്തും ഗാർഹിക ഉപയോഗത്തിനുള്ള പൈപ്പ് കണക്ഷനിൽനിന്നുള്ള വെള്ളം നിർമ്മാണപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർശനമായി ഇത് നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെടുമ്പോൾ ഉപഭോക്താവിന് ഇതു സംബന്ധിച്ച നോട്ടീസ് നൽകുകയും ഉയർന്ന നിരക്കും പിഴയും ഈടാക്കുകയും കണക്ഷൻ റിച്ചേർദിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഗാർഹിക ഉപഭോഗത്തിനുള്ള ജലം ഗാർഹികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സർക്കിൾതല സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

തുടർനിർമ്മാണപ്രവർത്തനം മുടങ്ങിയ ശുദ്ധജല വിതരണ പദ്ധതികൾ

60 [1890] *ശ്രീ. എ. എൻ. രാജൻ ബാബു:*

,, *കെ. കെ. ഷാജു:*

,, *ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ച ശുദ്ധജല വിതരണ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വിഭാഗം പദ്ധതികളിൽ പണി മുടങ്ങിയവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചതും തുടർനിർമ്മാണം മുടങ്ങികിടക്കുന്നതുമായ പദ്ധതികൾ മുഴുവനും സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. കടമ്പനാട് പദ്ധതി
2. ഓച്ചിറ-കരുനാഗപ്പള്ളി-ആലപ്പാട്-ക്ലാപ്പന പദ്ധതി
3. കല്ലുപ്പാറ
4. MPLAD/MLA/KVP/DRW ഒരുമനയൂരും കടപ്പുറം പഞ്ചായത്തിലേക്കുള്ള വിപുലീകരണ പ്രവൃത്തി
5. MPLAD-യിൽ ഉൾപ്പെടുത്തിയിട്ടുള്ള മാനിന പദ്ധതിയുടെ ഉന്നതതല ടാങ്കിന്റെ പണി
6. അടാട്ട്
7. പൊറത്തിശ്ശേരി, മൊടായിക്കോണം
8. ചാലക്കുടി
9. കല്ലൂർ-വടക്കുമുറി
10. കൊടകര
11. ഗവൺമെന്റ് റൂറൽ സ്കൂൾ - 7 എണ്ണം
12. മൂർക്കനാടിനും സമീപ ഗ്രാമങ്ങൾക്കുംവേണ്ടിയുള്ള സമഗ്ര പദ്ധതി
13. അഴിയൂർ ഗ്രാമീണ പദ്ധതി
14. കണിയാമ്പറ്റ
15. തിരുനെല്ലി ട്രൈബൽ സെറ്റിൽമെന്റ്
16. പൂതാടി പദ്ധതി
17. ഗവൺമെന്റ് മോഡൽ എൽ.പി.എസ്., സൗത്ത് പല്ലാർ
18. ഗവൺമെന്റ് എൽ.പി.എസ്., കൊട്ടൂർ

LIBRARY ARCHIVES Kerala Legislative Assembly

19. ഗവൺമെന്റ് മോഡൽ എൽ.പി.എസ്., കോട്ടായ് സൗത്ത്
20. ഗവൺമെന്റ് മോഡൽ എൽ.പി.എസ്., പാച്ചോത്തിരി
21. ഗവൺമെന്റ് മോഡൽ എൽ.പി.എസ്., മേനാഡത്തൂർ
22. ആതവനാട് ഗേൾസ് ഹൈസ്ക്കൂൾ
23. തിരൂർ ഗവൺമെന്റ് വി.എച്ച്.എസ്.എസ്.
24. തലക്കാട് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡ്
25. എടരിക്കോട് ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡ്
26. ടി.എച്ച്.എസ്., കുറ്റിപ്പുറം
27. കലക്കാട് ഗവൺമെന്റ് എൽ.പി.എസ്.
28. പട്ടാമ്പി ത്വരിത ഗ്രാമീണ പദ്ധതി
29. നെല്ലായ-കുലുക്കല്ലൂർ ത്വരിത ഗ്രാമീണ പദ്ധതി
30. കുമരമ്പത്തൂർ പയ്യനടം ത്വരിത ഗ്രാമീണ പദ്ധതി
31. ശ്രീകൃഷ്ണപുരം, വെള്ളിനേഴി, കടമ്പഴിപ്പുറം, പൂക്കോട്ടുകാവ് സമഗ്ര ത്വരിത ഗ്രാമീണ പദ്ധതി
32. എൻ.സി./പി.സി. മങ്കര
33. എൻ.സി./പി.സി. കോട്ടായി
34. എൻ.സി./പി.സി. മാത്തൂർ
35. ചെങ്കള പഞ്ചായത്തിലെ കെ. കെ. പുരം കുന്നിൽ പടിഞ്ഞാറ് കോളനികളിലേക്കുള്ള കുടിവെള്ള പദ്ധതി
36. എടക്കാട്
37. അഴിക്കോട്
38. രാമന്തളി.

(ബി) 1. കൊടകര

2. പൊറത്തിശ്ശേരി, മൊടായിക്കോണം
3. തലക്കാട് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡ്
4. എടരിക്കോട് ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡ്
5. പട്ടാമ്പി ത്വരിത പദ്ധതി
6. എൻ.സി./പി.സി. മങ്കര പദ്ധതി

GPM. 2/566/2012—14

LIBRARY ARCHIVES Kerala Legislative Assembly

7. എൻ.സി./പി.സി. കോട്ടായി

8. എൻ.സി./പി.സി. മാത്തൂർ

(സി) ഒന്നുമില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

അയ്മനം വില്ലേജിലെ വലൃമടക്കുഴി ജലസേചന പദ്ധതി

61 [1891] *ശ്രീ. പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാരൃവും വകുപ്പുമന്ത്രി ദയവം മറുപടി നൽകുമോ:

(എ) അയ്മനം വില്ലേജിലെ വലൃമടക്കുഴി ജലസേചന പദ്ധതിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വൃക്തമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികൾ ഈ വെള്ളത്തിന്റെ സാമ്പിൾ പരിശോധിച്ചിട്ടുണ്ട്; പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ കുടിവെള്ള പദ്ധതി പരിഷ്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ എന്തെങ്കിലും ലഭിക്കുകയുണ്ടായോ; എങ്കിൽ ഇത് എന്നാണ് എന്നും അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

കുളത്തിന്റെ സംരക്ഷണത്തിനായി 80 ലക്ഷം രൂപയോളം വരുന്ന പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ലാബിൽ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 21-5-2005-ൽ നിവേദനം ലഭിച്ചിട്ടുണ്ട്. കുളത്തിന്റെ സംരക്ഷണ പണികൾക്കായുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly